**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1434** — **11.06.2019**-ൽ മറുപടിയ്ക്ക്

**വില്ലേജാഫീസുകളിലെ സൈ്വപ്പിംഗ് യന്ത്രങ്ങൾ**

ചോദ്യം : ശ്രീ. അനിൽ അക്കര

മറുപടി :

ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | വില്ലേജാഫീസുകളിൽ നികുതിയും ഫീസും അടയ്ക്കുന്നതിന് പുതിയ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ? | (എ) | നിലവിലുള്ള ഓൺലൈൻ പെയ്മെന്റ് സംവിധാനത്തോടൊപ്പം വില്ലേജാഫീസുകളിൽ സൈ്വപ്പിംഗ് യന്ത്രം ഉപയോഗിച്ചുള്ള (POS) സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതിനായി എത്ര വില്ലേജാഫീസുകളിലാണ് സൈ്വപ്പിംഗ് യന്ത്രം അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) | ഇ-പെയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള സംസ്ഥാനത്തെ 1646 വില്ലേജാഫീസുകളിൽ സൈ്വപ്പിംഗ് യന്ത്രം അനുവദിച്ചിട്ടുണ്ട്. |
| (സി) | ഏതൊക്കെ ഏജൻസികളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ? | (സി) | ധനവകുപ്പിന്റെ 05/01/2019 തീയതിയിലെ 96/2019/Fin നമ്പർ പ്രകാരം ഇ-ട്രഷറി ഗേറ്റ് വേയുമായി ഫെഡറൽ ബാങ്ക് പോയിന്റ് ഓഫ് സെയിൽ മെഷീനുമായി സംയോജിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഇ-പെയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ ഫെഡറൽ ബാങ്ക് മുഖേന സ്ഥാപിക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

PR

**സെക്ഷൻ ഓഫീസർ**